സാഹിത്യവാരഫലം

1983/11/27 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1983/11/27-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



ജി. എച്ച്. ഹാൻസൻ

തിരുവനന്തപുരത്തെ മെഡിക്കൽ കോളേജാശുപത്രിയിലെ ത്വക് രോഗവിഭാഗത്തിൽ ജോലിയുള്ള ഒരു ഡോക്ടറെ കാണാൻ ഞാൻ കുറച്ചു കാലം മുൻപ് പോയിരുന്നു; എന്റെ മകന്റെ കൂട്ടുകാരനായിരുന്നു ഡോക്ടർ. അദ്ദേഹവുമായി സംസാരിച്ചിരുന്നപ്പോൾ സുന്ദരിയായ ഒരു ചെറുപ്പക്കാരി മറ്റൊരു ത്വക് രോഗവിദഗ്ദ്ധനെ കാണാൻ വന്നു. ആ യുവതിയുടെ തൊലിപ്പുറം നോക്കിയിട്ട് അദ്ദേഹം എന്റെ മകന്റെ കൂട്ടുകാരൻ ഡോക്ടറെ അർത്ഥവത്തായി നോക്കി. എന്നിട്ട് 'ഹാൻസൻ' എന്ന് പതുക്കെ പറഞ്ഞു. എനിക്ക് ഉടനെ കാര്യം മനസ്സിലായി. കുഷ്ഠരോഗമുണ്ടാക്കുന്ന Mycobacterium leprae കണ്ടുപിടിച്ച നോർവീജിയൻ ഡോക്ടറാണ് ജി. എച്ച്. ഹാൻസൻ. അതുകൊണ്ട് കുഷ്ഠരോഗത്തിന് 'ഹാൻസൻസ് ഡിസീസ്' എന്നു പറയാറുണ്ട്. ചെറുപ്പക്കാരിക്ക് കുഷ്ഠരോഗമാണെന്നാണ് ഡോക്ടർ സഹപ്രവർത്തകനെ അറിയിച്ചത്. രോഗിണിക്ക് അതൊട്ടു മനസ്സിലായതുമില്ല. രോഗിയുടെ കവിളോ രോഗിണിയുടെ ഗർഭാശയമോ നോക്കിയതിനു ശേഷം ഡോക്ടർ 'നിയോപ്ലാസം' എന്ന് അടുത്തു നിൽക്കുന്ന ഡോക്ടറോട് പറഞ്ഞാൽ അത് 'കാൻസറാ'ണെന്ന് അദ്ദേഹം മാത്രമേ അറിയൂ. രോഗിയും രോഗിണിയും മനസ്സിലാക്കില്ല. "ഫിലിപ്പീൻസിലെ ഭരണാധികാരിയാര്? അല്ലെങ്കിൽ ഇസ്രയേലിലെ പ്രധാനമന്ത്രി ഇപ്പോഴും ബഗിൻ തന്നെയോ?" എന്ന് ഡോക്ടറോട് ചോദിച്ചാൽ അദ്ദേഹം കൈമലർത്തിയെന്നുവരും. എന്നാൽ രോഗിയെ നോക്കിയിട്ട് "ഹി ഇസ് സഫറിങ് ഫ്രം മെതിമഗ്ലോബിനീമിയ" (Methemoglobinemia) എന്നു 'കാച്ചിക്കളയും.' ഒരിക്കൽ ഇതു കേട്ടതാണ് ഞാൻ. കേട്ടപാടെ 'പൈ ആൻഡ് കമ്പനി'യിലേക്ക് ഓടി, മെഡിക്കൽ ഡിക്ഷ്ണറി നോക്കാൻ (വീട്ടിൽ അതില്ല). നോക്കി. മെതിമഗ്ലോബിൻ എന്നുപറഞ്ഞാൽ ഓക്സിജനും ഹീമോഗ്ലോബിനും (ശ്വേതാണു) ചേർന്ന് ചാരനിറമാർന്ന് രക്തത്തിലുണ്ടാകുന്ന ഒരു പദാർത്ഥം. ചില മരുന്നുകൾ കഴിച്ചാൽ ഇതുണ്ടാകുമെന്നു വൈദ്യമതം. ഇത് രക്തത്തിൽ വരുമ്പോഴാണ് മെതിമഗ്ലോബിനീമിയ എന്ന രോഗമുണ്ടാകുന്നത്. "അത് അങ്ങ് എങ്ങനെ കണ്ടുപിടിച്ചു ഡോക്ടർ?" എന്നു വിനയത്തോടെ നമ്മൾ ചോദിച്ചാൽ "ഹി ഹാസ് സയാനോസിസ്" എന്നു പറയും. വീണ്ടും പൈ ആൻഡ് കമ്പനിയിലേക്ക് ഓട്ടം. തൊലിക്കും കണ്ണിനുമുണ്ടാകുന്ന നീലനിറം സയാനോസിസ്, ശരി.

ചിലപ്പോൾ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ എന്റെ വീട്ടിൽ വരാറുണ്ട്. ഒരിക്കൽ മൂന്ന് എം. ബി. ബി. എസ്. വിദ്യാർത്ഥികളോട് ഞാനും പറഞ്ഞു: ഹി ഈസ് സഫറിങ് ഫ്രം കോക്ക്സിഡിയിഓയ്ഡോമൈക്കോസിസ്—Coccidioidomycosis. അതുകേട്ട് മൂന്നു പേരുടെയും കണ്ണു തള്ളിപ്പോയി. അവരും മെഡിക്കൽ കോളേജ് ലൈബ്രറിയിലേക്ക് ഓടിയിരിക്കും. ഈ ഡോക്ടർമാരെപ്പോലെയാണ് നവീന നിരൂപകർ. "വ്യക്തിനിഷ്ഠമായ കലാത്മകബോധത്തിന്റെ രൂപം ഉരുത്തിരിഞ്ഞുവരാൻ വേണ്ടി അസ്തിത്വവാദപരങ്ങളായ ആവിഷ്കാരങ്ങളെ കേന്ദ്രീകൃത പരിപ്രേക്ഷ്യത്തിലേക്ക് കൂട്ടിയിണക്കി പദങ്ങളിലൂടെ പുനർജ്ജനിപ്പിക്കുന്ന പ്രക്രിയാവൈദഗ്ദ്ധ്യമാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങ'ളിൽ കാണുന്നത്." എങ്ങനെയിരിക്കുന്നു ഈ കോക്ക്സിഡിയിഓയ്ഡോമൈക്കോസിസ്?

ഭാവിചിന്ത



എഡിങ്ടൺ

കോക്ക്സിഡിയിഓയ്ഡോമൈക്കോസിസ് എന്നു പറഞ്ഞാൽ ശ്വാസകോശത്തിലും തൊലിപ്പുറത്തും ഉണ്ടാകുന്ന രോഗം. കഫം കൂടുതലുണ്ടാകും; ചെറിയ മുഴകളും. കെ. പി. ശൈലജയ്ക്കാണ് 'ഗൃഹലക്ഷ്മി ചെറുകഥാമത്സര'ത്തിൽ ഒന്നാം സമ്മാനം കിട്ടിയത്. അവരുടെ 'സ്വർണ്ണപ്പക്ഷിയുടെ തൂവൽ' എന്ന അക്കഥ ഗൃഹലക്ഷ്മിയുടെ അഞ്ചാം ലക്കത്തിൽ വായിക്കാം. പരിഷ്കൃതജീവിതം നയിക്കുന്ന അനിയത്തിയുടെയും ലളിതജീവിതം നയിക്കുന്ന ഏടത്തിയുടെയും ചിത്രങ്ങൾ വരച്ച് ഏടത്തിയുടെ ജീവിതം ധന്യമാണ് എന്നു ധ്വനിപ്പിക്കുന്ന കഥ. വിരസമായ നാഗരികജീവിതത്തിൽ ആധ്യാത്മകതയുടെ സ്വർണ്ണത്തൂവൽ കിട്ടിയെങ്കിൽ എന്ന് അനിയത്തിയുടെ ആഗ്രഹം. ഇതു വായിച്ചപ്പോൾ കോൾറിജ്ജിന്റെ ഒരു വാക്യം എന്റെ ഓർമ്മയിലെത്തി. ആശയമെന്നാൽ ഭാവിചിന്തയെ ഉൾക്കൊള്ളുന്നത് എന്നർത്ഥം. സൂത്രപ്രായമായ വാക്യത്തിൽ—എപ്പിഗ്രാമിൽ—ഭൂതകാലചിന്തയേയുള്ളൂ. ഭാവിചിന്ത ഉൾക്കൊള്ളുന്ന ആശയത്തെ പ്രതിപാദിക്കുന്നു ശൈലജ. അത്രയും നന്ന്. എന്നാൽ ശ്രീമതിയുടെ കഥയ്ക്ക് സാംഗോപാംഗത്വമില്ല. അംഗങ്ങളും ഉപാംഗങ്ങളും ചേർന്നു ജനിക്കുന്ന ചാരുതയില്ല. ഒരാശയത്തിൽ നിന്ന് മറ്റൊരാശയത്തിലേക്ക് ഹനുമാൻചാട്ടം ചാട്ടുന്ന കഥയെഴുത്തുകാരി. എന്നാൽ ലങ്കയിലൊട്ടു ചെല്ലുന്നുമില്ല. ആധ്യാത്മികതയുടെ പ്രതിരൂപമായി കഥയിൽ നിവേശിപ്പിച്ചിരിക്കുന്ന 'സ്വർണ്ണപ്പക്ഷിയുടെ തൂവൽ' അതിന്റെ (കഥയുടെ) ഒരവിഭാജ്യഘടകമായി ഭവിക്കുന്നില്ല. 'ഒരു അമെച്വറിഷ്' കഥ.

കലാജന്യമായ ആഹ്ലാദം

'അമെച്വറിഷ്' എന്നു മുകളിലെഴുതിയത് 'അവിദഗ്ദ്ധം' എന്ന അർത്ഥത്തിലാണ്. എന്നാൽ അമെച്വർ (അമെറ്റ്യർ എന്നും ഉച്ചാരണം) എന്ന നാമത്തിന് ധനപരമായ ലക്ഷ്യം കൂടാതെ വെറും ആഹ്ലാദത്തിനു വേണ്ടി കലയിലും വിനോദത്തിലും വ്യാപരിക്കുന്ന ആൾ എന്ന നല്ല അർത്ഥവുമുണ്ട്. ഗൃഹലക്ഷ്മിയിൽ 'മുത്ത് അടർന്ന ചിപ്പി' എന്ന കാവ്യമെഴുതിയ ശ്രീമതി സരു ധന്വന്തരി കവിതയുടെ ലോകത്ത് അമെച്വറായിരിക്കാം. എന്നാൽ കവിതയെ സംബന്ധിച്ച് കൃതഹസ്തതയുള്ള സ്ത്രീയാണ്. കുഞ്ഞിന്റെ മരണത്തിൽ ഖേദിക്കുന്ന അമ്മയുടെ തീവ്രവേദനയെ ആവിഷ്കരിക്കുന്ന ഈ കാവ്യം എന്റെ ഹൃദയത്തെ ചലിപ്പിക്കുകയും മനസ്സിനെ ദ്രവിപ്പിക്കുകയും നയനങ്ങളെ ആർദ്രമാക്കുകയും ചെയ്തു.

> "ഈറൻ മിഴിയാൽ മനസ്സിന്നകത്തള-
> മാകെ ഞാൻ വീണ്ടും തിരഞ്ഞിടുമ്പോൾ
> കണ്മണിപൊട്ടിച്ചെറിഞ്ഞ തരിവള-
> ച്ചില്ലുകൾ വെട്ടിത്തിളങ്ങിടുന്നു.
> എൻമകൾ പാടിയുറക്കിയ പാവക-
> ളിന്നും മയങ്ങിക്കിടന്നിടുന്നു.
> പൂക്കളും മണ്ണുമിലകളും കൊണ്ടവൾ
> തീർത്ത കൊട്ടാരം തകർന്നുപോയി,
> വിണ്ടൊരി കൊട്ടാരവാതിലിൽനിന്നഞാ-
> നോമനേയൊന്നുകരഞ്ഞിടട്ടേ."

ഈ അമ്മയോടൊപ്പം ഇതെഴുതുന്ന ആളും കരയുന്നു. പക്ഷേ, എന്റെ മിഴിനീർ കലാജന്യമായ ആഹ്ലാദത്തിന്റെതാണ്.

അസുലഭമായ അനുഭവം

ആഹ്ലാദം രണ്ടു തരത്തിലാണ്. മസ്തിഷ്കത്തിനു കിട്ടുന്ന ആഹ്ലാദവും ഹൃദയത്തിനു കിട്ടുന്ന ആഹ്ലാദവും. രണ്ടാമത്തേതിന് ഉത്കൃഷ്ടത കൂടും. നവീന കലാസൃഷ്ടികളിൽ ഉത്കൃഷ്ടങ്ങളായവ പലതും മസ്തിഷ്കത്തിന് ആഹ്ലാദമരുളുന്നവയാണ്. അവയിൽ ഒരു നോവലാണ് റസ്സൽ മക്കോർമിക് (Russell McCormmach) എഴുതിയ Night Thoughts of A Classical Physicist എന്നത് (കിങ് പെൻഗ്വിൻ പ്രസാധനം). ഇതിന്റെ ഉജ്ജ്വലത അന്യാദൃശമാണ്. ക്ലാസ്സിക്കൽ ഫിസിക്സിന്റെ ഉദ്ഘോഷകനും ആരാധകനുമാണ് കല്പിത കഥാപാത്രമായ വിക്തോർ യാക്കോബ്. ക്ലാസ്സിക്കൽ ഫിസിക്സ് ഒരു സത്യത്തെ മാത്രമേ അംഗീകരിച്ചുള്ളൂ. ആ സത്യം ഭൗതികമാണ്. വസ്തുനിഷ്ഠമാണ്. യന്ത്രമായി പ്രപഞ്ചത്തെ വീക്ഷിക്കാനായിരുന്നു ക്ലാസ്സിക്കൽ ശാസ്ത്രജ്ഞന്മാരുടെ കൗതുകം. എന്നാൽ നവീനഭൗതികശാസ്ത്രം ഈ സങ്കല്പങ്ങളെ തകിടം മറിച്ചു. The Nature of the Physical world എന്ന ഗ്രന്ഥത്തിൽ എഡിങ്ടൺ എഴുതി: "Physical science has limited it's scope so as to leave a back ground which we are at liberty to, or even invited to fill with a reality of spiritual import". നവീനഭൗതികശാസ്ത്രം തെന്നിമാറുന്ന സത്യത്തിലേക്ക് കൈച്ചൂണ്ടിയപ്പോൾ ക്ലാസ്സിക്കൽ ഫിസിസ്റ്റുകൾ ഭയന്നു. ആ രീതിയിൽ ഭയന്നു തകർന്നടിയുന്ന കഥാപാത്രമാണ് മക്കോർമിക്കിന്റെ യാക്കോബ്. മാക്സ് പ്ലാങ്കിന്റെയും ഐൻസ്റ്റൈന്റെയും സിദ്ധാന്തങ്ങൾ കണ്ട് അയാൾ അമ്പരന്നു. വർഷം 1918. സ്ഥലം ഒരു ജർമ്മൻ നഗരം. ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനി തകർന്നതുപോലെ യാക്കോബും തകർന്നു. യാക്കോബിന്റെ ഈ ദുരന്തത്തിന് എല്ലാ മണ്ഡലങ്ങളിലും സാംഗത്യമുണ്ട്. ഉൽപതിഷ്ണുത്വത്തിന്റെ അടിയേറ്റ് അസത്യാത്മകമായ യാഥാസ്ഥിതികത്വം നിലം പതിക്കുന്നു എന്ന മട്ടിലുള്ള സാംഗത്യമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ പാരായണം ഒരസുലഭാനുഭവമാണ്.

മാറ്റം വരാത്ത കഥകൾ

അസുലഭങ്ങളായ അനുഭവങ്ങളിൽ ഒന്നാണ് കുട്ടിക്കാലത്തെ ഫോട്ടോ കാണുന്നത്. ഇതെഴുതുന്ന ആളിന് അഞ്ചുവയസ്സായിരുന്ന കാലത്ത് എടുത്ത ഫോട്ടോ ഇപ്പോഴുമുണ്ട്. ഒരു കേടുമില്ലാതെ. 'രാമൻ പിള്ള സ്റ്റുഡിയോ' എന്ന് റബ്ബർ സ്റ്റാമ്പുകൊണ്ടടിച്ച രേഖയും ഫോട്ടോയുടെ താഴെ കാണാം. എന്നാൽ കഴിഞ്ഞ വർഷം എടുത്ത ഒരു ഫോട്ടോ കുട്ടിയുടെ രൂപമറിയാൻ വയ്യാത്ത മട്ടിൽ ആയിപ്പോയിരിക്കുന്നു. ആറു കൊല്ലം മുൻപ് അച്ചടിച്ച പുസ്തകങ്ങൾ ഒരു കഴപ്പവുമില്ലാതെ ഇരിക്കുന്നു. കഴിഞ്ഞ വർഷം വാങ്ങിയ പെൻഗ്വിൻ ബുക്കുകളുടെ കടലാസ്സ് പൊടിഞ്ഞു പോയി. കടലാസ്സിൽ wood fiber കൂടിയിരുന്നാൽ അത് ദീർഘകാലമിരിക്കും. മുദ്രപ്പത്രങ്ങളിൽ wood fiber എഴുപത്തഞ്ചു ശതമാനമെങ്കിലും കാണും. അതുകൊണ്ടാണ് അവ വളരെക്കാലമിരിക്കുന്നത്. പണ്ടൊക്കെ ചെരിപ്പ വാങ്ങിയാൽ വളരെക്കാലം ഇടാം. ഇന്ന് കഷ്ടിച്ച് രണ്ടു മാസം.



ചെറുകഥകളും ഇതുപോലെയാണ്. മലബാർ സുകുമാരന്റെ 'ആരാന്റെ കുട്ടിയും', 'കുനേയുടെ ചികിത്സയും' (പേര് ഇതുതന്നെയോ എന്തോ) 'ജഡ്ജിയുടെ കോട്ടും' ഒരു കേടുപാടുമില്ലാതെ ജീവിച്ചിരിക്കുന്നു. ഇന്നത്തെ പ്രശസ്തനായ കഥാകാരന്റെ കഥ ഇന്നില്ല. ആഴ്ചപ്പതിപ്പുകളുടെ ജീവിതകാലം ഒരാഴ്ചയാണ്. അതുകൊണ്ട് അവയിൽ അച്ചടിച്ചു വരുന്ന കഥകളും ഒരാഴ്ചയെങ്കിലും ജീവിക്കണം. അതുണ്ടാകുന്നില്ല. വായനക്കാരൻ വായിച്ചു കഴിഞ്ഞാലുടൻ അവ മരിക്കുന്നു. കുങ്കുമം വാരികയിൽ (ലക്കം 10) വസുമതി എഴുതിയ 'വിവാഹസമ്മാനം' എന്ന കഥ എന്നെസ്സംബന്ധിച്ചിടത്തോളം ഏതാനും നിമിഷങ്ങൾകൊണ്ട് മരിച്ചുപോയി. സ്നേഹിച്ചിരുന്ന സ്ത്രീ മറ്റൊരുവന്റേതായിത്തീരുമ്പോൾ പുരുഷൻ ദുഃഖം മറക്കാൻ വേണ്ടി കുടിക്കുന്നതാണ് ഇതിലെ കഥ. കേന്ദ്രസ്ഥിതമായിരിക്കേണ്ട ഈ വിഷയത്തോടു ബന്ധമില്ലാത്ത പലതും പറഞ്ഞ് "കൊച്ചുവർത്തമാനക്കാരി"യായി പ്രത്യക്ഷയാകുന്ന കഥയെഴുത്തുകാരി. ഹൗണ്ടൻ പെൻ നല്ലതാണെങ്കിൽ ശതാബ്ദങ്ങളോളമിരിക്കും. ഞാൻ ഈ ലേഖനമെഴുതാൻ ഉപയോഗിക്കുന്ന പേന എന്റെ കൈയിൽ കിട്ടിയിട്ട് അമ്പതു വർഷത്തിലധികമായി. ഇതു കൊണ്ടെഴുതിയാണ് ഞാൻ ഫോർത് ഫോമിൽ കണക്കു പരീക്ഷയ്ക്ക് തോറ്റത്. എം. എ. പരീക്ഷയ്ക്ക് ഒന്നാം ക്ലാസ്സിൽ ജയിക്കാൻ എന്നെ സഹായിച്ചതും ഈ പേന തന്നെ. വസുമതി ഒരേ പേന ഉപയോഗിച്ചാലും പേന കൂടക്കൂടെ മാറിയാലും കഥകൾക്ക് മാറ്റം വരില്ല.

മാറ്റം വരാത്തത് കഥകൾക്കു മാത്രമല്ല. ഒരുദാഹരണം മാത്രം നൽകാം. ഓഫീസിൽ ജോലിയുള്ള രണ്ടു കൂട്ടുകാരികൾ ബസ്സിൽ കയറി. ഒരാൾ നോട്ടെടുത്ത് കൈയിൽ വച്ചിരിക്കുന്നു. മറ്റേയാൾക്ക് ബാഗിൽ നിന്ന് പണമെടുത്തേ പറ്റൂ. ഓടിക്കൊണ്ടിരിക്കുന്ന ബസ്സിൽ നിന്നുകൊണ്ട് അതെടുക്കാൻ വയ്യ. "എന്റെ ടിക്കറ്റും കൂടി വാങ്ങിച്ചേക്ക്" എന്നു മൊഴിയാടുന്നു. വാങ്ങിച്ചു. രണ്ടുപേർക്കും ഇറങ്ങേണ്ട സ്ഥലം ഒന്നു തന്നെ. ഇറങ്ങി. മറ്റേ സ്ത്രീ ബാഗ് തുറന്ന് നാല്പതു പൈസ എടുത്ത് കൊടുത്തു അതുവാങ്ങാൻ തയ്യാറായി നിന്ന സ്ത്രീയ്ക്ക്. അവരതു വേഗം വാങ്ങി 'പോട്ടെ' എന്നു പറഞ്ഞ് നടന്നു. കൂട്ടുകാരിക്കു വേണ്ടി ചെലവാക്കിയ തുച്ഛമായ തുക തിരിച്ചു വാങ്ങാത്ത ഒരു സ്ത്രീയും ഇന്നേവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുകയുമില്ല.

കന്യകാത്വം. വേശ്യാത്വം

ഗ്രീക്ക് രതിദേവതയായ അഫ്രൊഡൈറ്റിയെക്കുറിച്ച് രണ്ടു കഥകളുണ്ട്. ഒന്ന് ഗ്രീക്ക കവി ഹോമർ പറഞ്ഞത്. രണ്ട് ഗ്രീക്ക കവി ഹീസിയഡ് (Hesiod) പറഞ്ഞത്. ഹീസിയഡ് രേഖപ്പെടുത്തിയ കഥ ചുരുക്കിയെഴുതാം. സ്വർഗ്ഗം ഭർത്താവ്; ഭൂമി ഭാര്യ. അവരുടെ മകൻ ക്രോണസ്. സ്വർഗ്ഗവും ഭൂമിയും രതിക്രീഡയിൽ ഏർപ്പെട്ടിരുന്നപ്പോൾ മകന് ഈർഷ്യയുണ്ടായി. അവൻ അച്ഛന്റെ ജനനേന്ദ്രിയം മുറിച്ചു കളഞ്ഞു. അത് കടലിൽ വന്നു വീണപ്പോൾ അതിൽ പറ്റിയിരുന്ന ഒന്നോ രണ്ടോ തുള്ളി രേതസ്സ് സമുദ്രത്തെ ഗർഭിണിയാക്കി. സമുദ്രം പ്രസവിച്ചവളാണ് അഫ്രൊഡൈറ്റി. അവൾ അഗ്നിദേവനായ ഹെഫിസ്റ്റസിന്റെ ഭാര്യയായി. വിരൂപനും മുടന്തനുമായിരുന്നു അയാൾ. അതുകൊണ്ട് അഫ്രൊഡൈറ്റി യുദ്ധദേവനായ അരിസിനെ കാമുകനായി സ്വീകരിച്ചു. അവളുടെ പുത്രനാണ് കാമദേവനായ ഈറോസ്. ഫിനീഷ്യൻ രതിദേവത അസ്റ്റാർട്ടിയും സുമേറിയാക്കാരുടെ ഇനാന്നയും ബാബിലോണിയാക്കാരുടെ ഇഷ്താറും ഈജിപ്റ്റുകാരുടെ ഐസിസും ഗ്രീസിലെ അഫ്രൊഡൈറ്റിയിൽ നിന്ന് വിഭിന്നകളല്ല. ഈ അഞ്ചു പേരും സുചരിതകളാണ്. അതേസമയം വേശ്യകളും. കന്യകാത്വത്തെക്കുറിച്ചും വേശ്യാത്വത്തെക്കുറിച്ചും സ്ത്രീക്കുണ്ടാകുന്ന ഫാന്റസിക്ക് യോജിച്ച മട്ടിലാണ് ഈ ദേവതകൾക്ക് ദ്വന്ദഭാവം നൽകിയിട്ടുള്ളത്. ഭാരതത്തിലോ? പാർവതിയാണ് ശക്തിയുടെ പ്രതിരൂപം. ആ ദേവിയിൽ വേശ്യാത്വത്തിന്റെ അംശം ഉണ്ടെന്നുപറയാൻ വയ്യ. പ്രകാശത്തിന്റെ—ശുക്ലപക്ഷത്തിന്റെ—ദേവതയാണ് പാർവ്വതി (താന്ത്രിക സിദ്ധാന്തമനുസരിച്ച്) അന്ധകാരത്തിന്റെ—ശ്യാമപക്ഷത്തിന്റെ—ദേവതയാണ് കാളി. പാർവ്വതി/കാളി ഈ ദേവതകളിൽ മേല്പറഞ്ഞ ദ്വന്ദഭാവം ആരോപിച്ചിരിക്കുന്നു താന്ത്രികർ. ഏതു ചാരിത്രശാലിനിയിലും വേശ്യാത്വം തലയുയർത്തും. ഏതു വേശ്യയിലും വിശുദ്ധി തലയുയർത്തും. അടുത്ത വീട്ടിലെ പുരുഷൻ തന്നെ നോക്കുന്നുവെന്ന് ഭാര്യ ഭർത്താവിനോടു പറയുമ്പോൾ അത് ഭാര്യയുടെ പാതിവ്രത്യത്തെയാണ് കാണിക്കുന്നതെന്ന് അയാൾ വിശ്വസിച്ചാൽ ഏഭ്യനാണ് ആ മനുഷ്യൻ എന്നു മാത്രം കരുതിയാൽ മതി. ദ്വന്ദഭാവങ്ങളിലെ ഒന്ന്—വേശ്യാത്വം—പരാതിയായി പ്രത്യക്ഷമാകുന്നുവെന്നേ കരുതേണ്ടതുള്ളൂ. പി. എ. എം. ഹനീഫ് കുങ്കുമം വാരികയിലെഴുതിയ 'ഉളി' എന്ന പരമ ബോറൻ കഥയെ അവലംബിച്ച് ഇത്രയും കാര്യങ്ങൾ എനിക്കെഴുതാൻ കഴിഞ്ഞല്ലോ. ഹനീഫിന് നന്ദി. (അദ്ദേഹത്തിന്റെ കഥയിലെ നായിക അന്യപുരുഷനെക്കുറിച്ച് ഭർത്താവിനോട് പരാതി പറയുന്നവളാണ്.)

ധിഷണയുടെ സ്ഫുലിംഗം



ആന്ദ്രേ മാൽറോ

രാഷ്ട്രവ്യവഹാരത്തിൽ കീർത്തിയാർജ്ജിച്ചവരെക്കുറിച്ച് ബഹുജനത്തിനു ബഹുമാനമില്ല. എന്നാൽ അവരിലാരെങ്കിലും ധിഷണയുടെ വിലാസം കാണിച്ചാൽ അവർ (ജനം) അതിരറ്റ ആദരം പ്രകടിപ്പിക്കും. ജവാഹർലാൽ നെഹ്റുവിനെക്കാൾ വലിയ രാഷ്ട്രതന്ത്രജ്ഞന്മാർ ഭാരതത്തിലുണ്ടായിട്ടുണ്ട്. പക്ഷേ, ആത്മകഥയും ഡിസ്കവറി ഒഫ് ഇന്ത്യയും എഴുതിയ നെഹ്റുവിനോടാണ് ഭാരതീയർക്കു ബഹുമാനം. ഫ്രാൻസിലെ ഇൻഫർമേഷൻ മന്ത്രിയായിരുന്നു ആന്ദ്രേ മാൽറോ. 'നിശ്ശബ്ദതയുടെ ശബ്ദം' എന്ന കലാവിമർശന ഗ്രന്ഥവും മാസ്റ്റർ പീസുകളായി പരിഗണിക്കപ്പെടുന്ന നോവലുകളും എഴുതിയതുകൊണ്ടാണ് അദ്ദേഹം എന്നും ഓർമ്മിക്കപ്പെടാൻ പോകുന്നത്. കേരളത്തിലെ പനമ്പിള്ളി ഗോവിന്ദമേനോൻ, സി. അച്യുതമേനോൻ, ഇ. എം. എസ്. നമ്പൂതിരിപ്പാട്, കെ. ദാമോദരൻ എന്നിവർ ആദരണീയരായത് അവരുടെ ധിഷണാവൈഭവത്താലാണ്. അവരുടെ രാഷ്ട്രതന്ത്രജ്ഞത മറ്റു നേതാക്കന്മാർക്കും കാണുമായിരിക്കും. ധിഷണാവൈഭവം വേണ്ട ധിഷണയുടെ സ്ഫുലിംഗം ഒന്നു പ്രസരിപ്പിച്ചാൽ മതി ബഹുജനം നിങ്ങളെ സ്നേഹിക്കും, മാനിക്കും. വാരികകളിലെ ചോദ്യോത്തര പംക്തികൾ ഈ ധിഷണാസ്ഫുലിംഗങ്ങൾ കൊണ്ടാണ് ആകർഷകങ്ങളാകുന്നത്. ജനയുഗം വാരികയിൽ 'ആര്യാട്ട് ഗോപിയോടു ചോദിക്കുക' എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പംക്തിക്കു പുതുമയുണ്ട്. അതിൽ ധിഷണയുടെ അഗ്നികണമുണ്ട്. നേരമ്പോക്കുമുണ്ട്. ഉദാഹരണം ഗുരുവായൂരപ്പൻ ആര്യാട്ട് ഗോപിയോടു ചോദിക്കുന്നു:

കരുണാകരൻ ഇവിടെ ഒന്നാം തീയതി തോറും തൊഴാൻ വരാറുണ്ട്. കമ്മ്യൂണിസ്റ്റുകാർ ഇവിടെ തൊഴാൻ വരാറുണ്ടോ?

ഉത്തരം: ഉണ്ടല്ലോ? വല്ലപ്പോഴും മലയാറ്റൂർ രാമകൃഷ്ണൻ.

ഇതു വായിച്ചപ്പോൾ എനിക്കും ഒരു ചോദ്യം വായുവിൽക്കൂടി കേൾക്കാറാകുന്നു.

വാത്സ്യായനൻ: എ. ഡി. ഒന്നാം ശതാബ്ദത്തിനും നാലാം ശതാബ്ദത്തിനും ഇടയ്ക്കുള്ള കാലത്തു ജീവിച്ചിരുന്നുവെന്ന് മിടുക്കനായ സർദാർ കെ. എം. പണിക്കർ പറയുന്നു. ഞാൻ തിരുവനന്തപുരത്തു വരുന്നുവെന്നു കരുതി ചില കുട്ടികളും ചില ഫിലോസഫി ലക്ചററുമാരും സെനറ്റ് ഹാളിൽ എന്നെ കാണാനും എന്റെ പ്രസംഗം കേൾക്കാനും കൂടിയെന്നു പറയുന്നതു ശരിയാണോ കൃഷ്ണൻ നായരേ?

ഉത്തരം: ശരിയാണ് കാമശാസ്ത്രമെഴുതിയ ആളല്ലേ. കണ്ടുകളയാമെന്നു വിചാരിച്ചു കോളേജ് വിദ്യാർത്ഥികൾ തടിച്ചുകൂടി. ന്യായഭാഷ്യത്തിന്റെ കർത്താവാണ് താങ്കളെന്നു വിചാരിച്ച് ചില അദ്ധ്യാപകർ ഓടിച്ചെന്നു. അങ്ങോട്ട് ചെന്നപ്പോഴാണ് രണ്ടു കൂട്ടർക്കും അമളി പറ്റിയത്. വടക്കെങ്ങോ ഉള്ള ഒരു വാത്സ്യായനൻ വരാമെന്ന് സർവ്വകലാശാലാധികൃതരോട് ഏറ്റിരുന്നു. സുഖക്കേടുകൊണ്ട് ആ മാന്യൻ വന്നതുമില്ല. വന്നെങ്കിൽ കുട്ടികൾ ഇങ്ങനെ ചോദിക്കുമായിരുന്നു: "ശശോ വൃഷോശ്വ ഇതി ലിങ്ഗ തോ നായക വിശേഷഃ" എന്ന അങ്ങ് കാമസൂത്രത്തിൽ എഴുതിയതൊന്നു വിശദീകരിക്കൂ.

അദ്ധ്യാപകർ ആംഗലവാണിയിൽ ചോദിക്കുന്നതു ഇങ്ങനെയാവാം: Vatsyayana, you elaborated logicism in the 3rd century A. D. Are we correct? How can truth be apprehended through a norm?

ഷഡക്ഷര സുന്ദരൻ

എന്റെ ഒരു കാരണവർ മകന് ഇരുപത്തെട്ടു കെട്ടുമ്പോൾ പേരിട്ടതു ഷഡക്ഷര സുന്ദരൻ നായർ എന്നായിരുന്നു. ശ്രീമൂലവിലാസം ഇംഗ്ലീഷ് സ്കൂളിൽ ഫസ്റ്റ് ഫോമിൽ പഠിക്കുന്ന കാലത്ത് ഞാൻ വട്ടിയൂർക്കാവിലുള്ള ഈ കാരണവരുടെ വീട്ടിൽ പോകുമായിരുന്നു. അപ്പോഴെല്ലാം അദ്ദേഹം വടിയെടുത്ത് ദേഷ്യത്തോടെ "എടാ ഷഡാക്ഷര സുന്ദരാ ഇവിടെ വാ" എന്ന് ആക്രോശിക്കുന്നതു കേട്ടിട്ടുണ്ട്. കാരണവരേ, എന്തിനാണ് വേണ്ടാത്ത ദീർഘമെന്ന് ഞാനന്നു ചോദിച്ചിട്ടില്ല. ഷഡക്ഷരമെന്നു പോരേ എന്ന സംശയം ഉന്നയിക്കാൻ എനിക്കന്ന് അറിവില്ലായിരുന്നു. പിന്നീട് ഇ. വി. കൃഷ്ണപിള്ള പേരുകളെക്കുറിച്ചു നേരമ്പോക്കായി പലതുമെഴുതിയപ്പോൾ ഷഡക്ഷര സുന്ദരൻ നായരെ ഞാൻ ഓർമ്മിച്ചുപോയി. ഇ. വി.-യുടെ കൂട്ടുകാരന്റെ ഭാര്യ പെറ്റു, ഇ. വി. ശിശുവിനെ കാണാൻപോയി, കുഞ്ഞ് ഫൗണ്ടൻ പേനയോളം വരും. പേരെന്താണെന്നു ചോദിച്ചപ്പോൾ മറുപടി: വേണുഗോപാല വീണഗീതരസ ബാലഗംഗാധരൻ. ഇ. വി.-യുടെ ഭാവന ഉദ്ദീപ്തമാകുന്നു. തന്ത വയസ്സുകാലത്ത് അങ്കണത്തിൽ വീണു മുട്ടൊടിക്കുന്നു. സ്വല്പം ജീരകവെള്ളം വേണം. കിഴവൻ വിളിക്കുന്നു: "എടാ വേണുഗോപാലവീണഗീതരസ ബാലഗംഗാധരോ, ഓടിവായോ, പിടിച്ചെഴുന്നേല്പിക്കോ, ജീരകവെള്ളം കൊണ്ടുവായോ" ഇതു മുഴുവൻ പറയാൻ പറ്റില്ല. പേരു പൂർണ്ണമാകുന്നതിനു മുൻപുതന്നെ കിഴവന്റെ പ്രാണൻ പോകും. അത്രയ്ക്ക് ദീർഘതയുണ്ട് പേരിന്.

ടി. എൻ. ഗോപിനാഥൻ നായർ വേറൊരു വിഷയമാണ് ഹൃദ്യമായി പ്രതിപാദിക്കുന്നത്. ഓമനപ്പേരുകളും വട്ടപ്പേരുകളും (ജനയുഗം). കൊക്കു, കൊക്ക, റിങ്കു, ചിഹ, ബബ്ബു ഇങ്ങനെ പോകുന്നു ഓമനപ്പേരുകൾ. സാഹിത്യ പഞ്ചാനൻ ഓമനപ്പുത്രന് ഗോപിനാഥൻ എന്ന പേരു നല്കി. എങ്കിലും 'കോക്കനാർ' എന്നാണ് അദ്ദേഹം മകനെ വിളിച്ചിരുന്നത്.

തിരുവനന്തപുരത്തെ പെണ്ണുങ്ങൾ ഇപ്പോൾ കണവന്മാരെ അവരുടെ പേരിന്റെ ആദ്യത്തെ അക്ഷരം ഓമനപ്പേരാക്കി വിളിക്കുന്നു. ഗോപാലൻ നായർ 'ഗോ' എന്നാകുന്നു. നാരായണൻ നായർ മധുരമൊഴിയിലൂടെ 'നാ' എന്നായി മാറുന്നു. ശിവശങ്കരൻ നായർ 'ശ്രീ' എന്നു രൂപം കൊള്ളുന്നു. ഓരോ 'ശ്രീ' കേൾക്കുമ്പോൾ അതു പ്രേമത്തിന്റെ ശ്രീയാണോ അതോ ദേഷ്യത്തിന്റെ ശ്രീയാണോ എന്ന് പാവം ശിവശങ്കരൻ നായർ സംശയിക്കുന്നു, ഞെട്ടുന്നു.

ശത്രുഘ്നനും വസന്തനും



ചെറുകഥയ്ക്ക് എന്തെല്ലാം വേണം? സംഘട്ടനം, പ്രമേയം, കഥാപാത്രസ്വഭാവ ചിത്രീകരണം, കഥാകാരന്റെ വീക്ഷണരീതി, ശൈലിയുടെ സവിശേഷത, സിംബലിസം. ഇനിയും പലതും പറയാം. ഇപ്പറഞ്ഞതൊക്കെ ശത്രുഘ്നന്റെ കഥയിൽ കാണും. എപ്പോഴും കാണും. പക്ഷേ, അദ്ദേഹത്തിന്റെ കഥകൾ വായനക്കാരനെ സ്പർശിക്കാറില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (ലക്കം 35) അദ്ദേഹമെഴുതിയ "രാമലക്ഷ്മണന്മാരുടെ അമ്മ" എന്ന ചെറുകഥ വായിച്ചാലും. പത്രഭാഷയിൽ വാർദ്ധക്യസഹജമായ രോഗം കൊണ്ട് ഒരു വൃദ്ധ മരണം പ്രാപിക്കുന്നതു കഥാകാരൻ വർണ്ണിക്കുന്നു. എന്നാൽ സംഭവങ്ങളിലൂടെയും ഇമേജറിലൂടെയും വികാരങ്ങളെയും ശില്പത്തെയും കൂട്ടിയിണക്കുന്ന മാന്ത്രികവിദ്യ ശത്രുഘ്നന് അറിഞ്ഞുകൂടാ. അതിനാൽ അദ്ദേഹത്തിന്റെ ഇക്കഥ—എന്നല്ല എല്ലാ കഥകളും—ഉമിക്കരി ചവച്ച പ്രതീതി ഉളവാക്കുന്നു. കഥ റൊമാന്റിക്കോ റീയലിസ്റ്റിക്കോ ഡേർട്ടി റീയലിസ്റ്റിക്കോ (റേമണ്ട് കാർവർ നേതാവായിട്ടുള്ള പുതിയ പ്രസ്ഥാനം) ആകട്ടെ. മാന്ത്രികത്വം—മാജിക്—ഇല്ലെങ്കിൽ അതു കലാസൃഷ്ടിയല്ല.

"മുനമ്പിനെ സമുദ്രം വലയം ചെയ്തിരിക്കുന്നതു പോലെ എല്ലാ രാത്രികളിലും ജീവിതത്തെ വലയം ചെയ്യുന്ന നിദ്രയിൽ അത് (ജീവിതം) കതിർന്നിരിക്കുന്നു എന്നതു ചിത്രീകരിക്കാതെ ഒരെഴുത്തുകാരനും മാനുഷിക ജീവിതത്തെ ശരിയായി വർണ്ണിക്കാൻ സാദ്ധ്യമല്ലെ"ന്ന് പ്രൂസ്റ്റ് പറഞ്ഞിട്ടുണ്ട്. (തർജ്ജമയുടെ വിലക്ഷണതയ്ക്കു മാപ്പു ചോദിക്കുന്നു.) നിദ്രയിൽ കതിർന്ന ജീവിതത്തെ ഭാവാത്മക ശോഭയോടെ വസന്തൻ ആവിഷ്കരിക്കുന്നു. (ദേശാഭിമാനി വാരിക, ലക്കം 20. 'മുൾമുടിയും മരക്കുരിശും'.) കലയുടെ ചട്ടക്കൂട്ടിലൊതുക്കിയ പ്രചാരണം. ഞാൻ രണ്ടു തവണ ഈ ഭാവദീപ്തി കണ്ടു. ആഹ്ലാദിക്കുകയും ചിന്താമഗ്നനാവുകയും ചെയ്തു. അത് അനധ്യാനത്തിലേക്ക് എന്നെ കൊണ്ടുപോയി. അതാണ് കലയുടെ കർത്തവ്യം.

കെ. സുരേന്ദ്രന്റെ നേർക്ക്

മനുഷ്യനെ മൃഗത്തിൽ നിന്നു വിഭിന്നനാക്കി നിറുത്തുന്നത് 'ഡിഗ്നിറ്റി'യാണ്—അന്തസ്സാണ്. അന്തസ്സ് പാലിച്ചില്ലെങ്കിൽ മനുഷ്യൻ മൃഗമായി അധഃപതിക്കും. പെരുമാറ്റത്തിൽ, ഭാഷയിൽ, അംഗവിക്ഷേപത്തിൽ എന്നല്ല എല്ലാ അംശങ്ങളിലും മനുഷ്യന് അന്തസ്സ് കൂടിയേ തീരൂ. അന്തസ്സ് നിലനിറുത്താൻ മനുഷ്യൻ ചില സങ്കേതങ്ങൾ അംഗീകരിച്ചിരിക്കുന്നു. അവയിൽ ഒരെണ്ണം തെറ്റിയാൽ ഡിഗ്നിറ്റി തകരും. മീനാക്ഷിയെന്ന് സ്ത്രീയുടെ പേര്. അവളെ മീൻ കണ്ണിയെന്നു വിളിക്കൂ. വിളിക്കുന്നവൻ അന്തസ്സുകെട്ടവനാണ്. ആദരണീയമായ ഈ ഡിഗ്നിറ്റി നമ്മുടെ പല സാഹിത്യകാരന്മാർക്കുമില്ല. 'മദ്യവും പെണ്ണുമുണ്ടെങ്കിൽ അവാർഡുകാർക്കു മറ്റൊന്നും നോക്കേണ്ടതില്ല. ഇതൊക്കെ ചെയ്യാൻ കഴിവുള്ള ഏതു പട്ടിക്കും അവാർഡ് കിട്ടും'. എന്ന് ഉദീരണം ചെയ്തതിനു ശേഷം മുട്ടത്തു വർക്കി പ്രസിദ്ധനായ സാഹിത്യകാരൻ കെ. സുരേന്ദ്രന്റെ ബുദ്ധിശക്തിയെ 'കൊട്ടിബുദ്ധി' എന്നു വിശേഷിപ്പിക്കുന്നു (ഞായറാഴ്ച വാരിക, ലക്കം 3). ഇത് വർക്കി പറഞ്ഞതു തന്നെയാണെങ്കിൽ അദ്ദേഹം സാന്മാർഗ്ഗികമായി എത്ര താണുപോയിരിക്കുന്നു! അന്തർമണ്ഡലത്തിലുള്ള സ്വാഭാവിക നിയന്ത്രണങ്ങളെ കെട്ടുപൊട്ടിച്ചു വിടുമ്പോൾ അതു ചെയ്യുന്നവരുടെയും അതു കാണുന്നവരുടെയും ഡിഗ്നിറ്റി തകർന്നു പോകുന്നു. പക്ഷേ, അവഹേളിക്കപ്പെട്ട സുരേന്ദ്രന് ഒരു താഴ്ചയുമില്ല താനും.

കുറ്റ്സേ

കെ. സുരേന്ദ്രൻ

Waiting for the Barbarians എന്ന ചേതോഹരമായ നോവലിന്റെ കർത്താവായ ജെ. എം. കുറ്റ്സെക്ക് (ദക്ഷിണാഫ്രിക്കൻ നോവലിസ്റ്റ്) അദ്ദേഹത്തിന്റെ ഏറ്റവും പുതിയ നോവലായ Life and Times of Michael K-യെ അവലംബമാക്കി ബുക്കർ പ്രൈസ് നൽകിയതായി കൗമുദി ന്യൂസ് സർവീസിൽ നിന്നു ഞാൻ മനസ്സിലാക്കുന്നു (കലാകൗമുദി ലക്കം 427). മഹാനായ ഈ കലാകാരനെക്കുറിച്ചുള്ള ലേഖനം ഹ്രസ്വമാണെങ്കിലും അന്തരംഗസ്പർശിയാണ്. കുറ്റ്സെക്ക് സമ്മാനം കിട്ടിയതായി ഇംഗ്ലീഷ് പത്രങ്ങളിൽപ്പോലും കണ്ടില്ല. ഇക്കാര്യം അറിഞ്ഞ് സന്ദർഭത്തിന് ഉചിതമായ വിധത്തിൽ ഈ സാഹിത്യകാരനെ മലയാളികൾക്കു പരിചയപ്പെടുത്തിയ കൗമുദി ന്യൂസ് സർവീസ് ലേഖകൻ അഭിനന്ദനം അർഹിക്കുന്നു. അപാർറ്റ് ഹേറ്റിന് (Apart theid നീഗ്രോകളേയും മറ്റു കറുത്തവർഗ്ഗക്കാരേയും മാറ്റി നിറുത്തുകയും അവരോടു വിവേചനം കാണിക്കുകയും ചെയ്യുന്നത്) എതിരായി പൊരുതുന്ന ഉജ്ജ്വല പ്രതിഭാശാലിയാണ് കുറ്റ്സേ അദ്ദേഹത്തിന്റെ Dusklands വേറൊരു ചേതോഹരമായ കൃതിയാണ്.

നമ്മുടെ നാട്ടിൽ മൂന്നു കൊല്ലത്തിനകത്ത്, അഞ്ചു കൊല്ലത്തിനകത്ത് ഉണ്ടാകുന്ന നല്ല കൃതിക്ക് സമ്മാനം കൊടുക്കുന്നു. ആ ഏർപ്പാടു നിറുത്തിയിട്ട് അഞ്ചു കൊല്ലം പരിപൂർണ്ണമായ നിശ്ശബ്ദത പാലിച്ച് പേന കൈകൊണ്ടു തൊടാതിരിക്കുന്നവന് അക്കാഡമികളും വയലാർ ട്രസ്റ്റും സമ്മാനം കൊടുക്കുമെന്നു പ്രഖ്യാപിച്ചാൽ നന്നായിരിക്കും. വളരെ വളരെ നന്നായിരിക്കും.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.